# ചെറിയാൻസിന്റെ ചെറുകഥകൾ

മിനികഥകൾ

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ചെറിയാൻ പറഞ്ഞ കഥയാണിത്. ചെറിയാൻ സതീത്ഥ്യനാണ്. കുടിപള്ളിക്കൂടം മുതൽ മറ്റിംഗ്ലീഷിന്റെ മറ്റെയറ്റം വെരെ ഒന്നിച്ചു പഠിച്ചവരാണ് അല്ലാതെ ചുമ്മാതുള്ള കൂട്ടുകെട്ടൊന്നുമല്ല. അന്നത്തെ കുടിപ്പള്ളിക്കൂടം മധുരസ്മരണകളുതുത്തുന്ന മനോഹര സ്വപ്നങ്ങളിലൊന്നാണ്. ഏത് കൊമ്പത്തെ മക്കളാണെങ്കിലും ആശാൻ കെട്ടിയുണ്ടാക്കിയ കൊച്ചുപുരയിൽ നിലത്ത് ചമ്രം പടഞ്ഞിരിക്കണം. അവരുടെ മുമ്പിൽ നിരത്തിയിരിക്കുന്ന മണലിൽ മലയാളത്തിന്റെ ആദ്യാക്ഷരം മുതൽ എഴുതി പഠിക്കണം. ഹരീശ്രീ മനോഹരമായ പാത്രത്തിൽ അരിയിൽ എഴുതിച്ചാലും ആദ്യാക്ഷരങ്ങൾ മണലിൽ തന്നെയാണ് അന്ന് ആശാൻ എഴുതി പഠിപ്പിച്ചിരുന്നത്. ആശാന് നിങ്ങൾ കൊടുക്കുന്നതാണ് ഫീസ്. അല്ലാതെ യാതൊരു വില പേശലും നിയമചട്ടങ്ങളും അക്കാലത്തുണ്ടായിരുന്നില്ല.

ആശാനെ, അക്കാലത്ത് കൊച്ചു പിള്ളേരുടെ പേടിസ്വപ്നമായിരുന്നു. മണലും കൂട്ടിപിടിച്ച് ചെറിയാനെ തിരുമ്മുന്നതു കണ്ട് പേടിച്ച് വിറച്ച് അന്ന് അവിടുന്നിറങ്ങിയതാണ്. പിന്നെ മലയാളം, മാറാല പിടിച്ച കൂരയിലിരുന്നായി. അതുകൊണ്ടിന്നും മലയാളം നേരേചൊവ്വേ എഴുതാനറിയില്ല. എന്നാലെന്താ ചെറിയാനെപോലെ അമേരിക്കയിൽ തന്നെ കുടിയേറിപാക്കാൻകഴിഞ്ഞു. സുന്ദരികളിലതിസുന്ദരിയെന്ന മധുരാലാപത്തോടെ ഒരു സുന്ദരിയെ കയ്യിൽ പിടിച്ചു തന്നു. എല്ലാം കണക്കാ! ചെറിയാനെന്താ കുഴപ്പം! എല്ലായിടത്തും കുഴപ്പങ്ങളുടെ കൂമ്പാരങ്ങളാണ്. പെണ്ണുണ്ടോ; കുഴപ്പങ്ങൾ മാത്രമാണിന്ന് വഷങ്ങളേറെയായതിനുശേഷം പരസ്പരം കണ്ടുമുട്ടിയപ്പോൾ ഏറെപറയാനുണ്ടേ, അവനും. അനുഭവങ്ങളുടെ അതിത്തിക്കപ്പുറം ചെന്നപ്പോൾ, സാഹിത്യത്തിന്റെ തുമ്പത്തുള്ള ചെറുകഥകളായി, മിനികഥകളിലായി തുടക്കം. പ്രഥമകഥ ജോജ്ജു ജോസഫിന് ഓണക്കാലെ ഓണാഘോഷത്തിലൂടെയാകട്ടെ:

## ഓണാഘോഷം

ഓമ്മകൾ പുതുക്കി കണ്ണുനീരിന്റെ ഉപ്പുരസം കലന്ന് ഭക്ഷണം കഴിച്ചുകൊണ്ടാണ് രാജന്റെ ഓണാഘോഷം അരങ്ങേറിയത്. ഓക്കാപ്പുറത്ത് അപ്പൻ ജോസഫ് അരയ്ക്കു താഴെ അനക്കാൻ വയ്യാത്ത അവസ്ഥയിലായതുകൊണ്ട് അയൽപക്കത്തെ അടുക്കള പണിയുൾപ്പെടെ എല്ലാം ചെയ്യാൻ നിബന്ധിതയാക്കി; അന്നന്നുള്ള അന്നം മുട്ടു കൂടാതെ നിറവേറ്റാൻ അതല്ലാതെ മറ്റു മാഗ്ഗങ്ങളില്ലായിരുന്നു. ആ അമ്മയോട്, ഓണാഘോഷം പിൻവഷത്തെപ്പോലെ നടത്താൻ ആണായവന് പറയാൻ ശങ്കയുണ്ടായതിൽ കുറ്റമേതുമില്ലല്ലോ.

അറിയാൻ പാടുള്ളതും അല്ലാത്തതുമെല്ലാം പഠിച്ചുകൊണ്ടിരുന്ന പ്രായം. ശങ്ക വന്നപ്പോൾ പുറത്ത് മൂത്ര വിസജ്ജനത്തിനായി അദ്ധരാത്രിയിൽ പോയപ്പോൾ "അയ്യോ അമ്മേ കൊല്ലാൻ അപ്പൻ പുറത്തു കേറുന്നേ" യെന്നാക്രാശിച്ചപ്പോൾ, പൊന്നീച്ച കണ്ണിൽകൂടെ പറത്തുന്ന ചെവിക്കുറ്റിക്കടി അപ്പന്റെയടുക്കൽ നിന്ന് കിട്ടിയതെന്തിനെന്ന് പിറ്റേന്ന് ഉപരി പഠനം സുഹൃത്തക്കളിൽ നിന്ന് കിട്ടിയപ്പോൾ അറിയാൻ പാടുള്ളതും അല്ലാത്തതും എല്ലാം പഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആ അദ്ധരാത്രിയിലെ കൂരിരുട്ടിൽ വിടാരാൻ തുടങ്ങുന്നമുല്ലമൊട്ടുകൾകണ്ടപ്പോൾ, കൊച്ചനിയത്തിയുടെ വദനാബുജത്തിൽ വിരിയുന്നത് അതാണോയെന്നവൻ ശങ്കിച്ചു. കേശഭാരത്തിന്റെ മറുതല രണ്ടായി വിഭജിച്ച്, റിബണും കെട്ടി വരുന്ന അവന്റെ സുന്ദരിയായ കൊച്ചനുജത്തിക്ക് ഈ ഓണക്കാലത്ത് ഒരൂഞ്ഞാലിട്ടു കൊടുക്കണമെന്നാശിച്ചത് തെറ്റല്ലല്ലോ! ഊഞ്ഞാലുകെട്ടാൻ കയറു വേണം. കയർ വാങ്ങാൻ പണം വേണം. കഴിഞ്ഞ വഷം അപ്പൻ എല്ലാം ഭംഗിയാക്കി. ഇപ്പോൾ വയ്യാതെ കിടക്കുന്ന അപ്പനോടോ, കഞ്ഞികുടിക്കാൻ മാഗ്ഗമന്വേഷിച്ചു നടക്കുന്ന അമ്മയോടോ ഇതു വല്ലതും പറയാൻ പറ്റുമോ? കഴിഞ്ഞ ഓണക്കാലത്ത് സിൽക്ക് പാവാടയും ഉടുപ്പുമണിഞ്ഞ് കുഞ്ഞുമാലാഖയേപ്പോലെ, ചിത്രശലഭത്തെപ്പോലെ ഓടിച്ചാടിനടന്ന കുഞ്ഞനുജത്തി തൊട്ടാവാടിയുടെ ഇല പിണങ്ങി കിടക്കുന്നതുപോലെ കിടക്കുന്നതു കാണുമ്പോൾ സങ്കടം സഹിക്ക വയ്യാതായി.

അയലത്തെ അമ്മച്ചിയുടെ അലമാരിയിൽ പൂത്ത പണമുണ്ടെന്നവനറിയാം. പലപ്പോഴായി, ആ പിശുക്കിതള്ള അകത്തെ മുറിയിലെ അലമാര തുറന്ന് അവന് പിശുക്കി കാശു കൊടുത്തിട്ടുണ്ട്. അപ്പോൾ ആ അലമാര നിറച്ച് പൂത്ത പണമിരിപ്പുണ്ട്. ഇത്രയും പ്രായമായ ഈ അമ്മയ്ക്കെന്തിനാണ് ഇത്രയും പണം. അവരുടെ മക്കളെല്ലാം അമേരിക്കയിലാണ്. ഒരാണും, മൂന്നു പെണ്ണും. ആണുള്ളതും ഇല്ലാത്തതുമെല്ലാം കണക്കാണെന്നാണ് അവർ ഇപ്പോഴും പറയുന്നത്. "അവൻ അവന്റെ പെമ്പിളയുടെ ഊച്ചും മണപ്പിച്ചു നടക്കുകയാണ്; അവനെക്കൊണ്ട് എനിക്കെന്തെങ്കിലും ഒരു ഗുണമുണ്ടാകുമെന്ന് വിചാരിക്കേണ്ടന്നാണ് എപ്പോഴും പറയുന്നത്. ആ പറയുന്നതൊന്നും രാജനു മനസ്സിലാകത്തില്ല.

അലമാര പൂട്ടിയിട്ട് അതിന്റെ താക്കോലെപ്പോഴും അതേൽ തന്നെയാണ് കിടപ്പ്. അത് ഊരി വല്ലടത്തും വെച്ചാൽ പിന്നെ അതും അന്വേഷിച്ച് ആ വീടായ വീടെല്ലാം നടക്കണം. ചിലപ്പോൾ അവനോടും പറയും. പലപ്പോഴും അവനവിടുള്ളപ്പോൾ, അവർ കുളിമുറിയിൽ കുളിക്കാനും മറ്റും പോകാറുണ്ട്. ഇന്നും അവർ അതുപോലെ കുളിമുറിയിൽ കയറി കതകടച്ചപ്പോൾ ഇപ്പോഴെങ്ങും ഇറങ്ങി വരികയില്ലന്ന് തെറ്റിദ്ധരിച്ചു. പക്ഷേ, ഇന്നവന് ഓണമാഘോഷിക്കാൻ പണമില്ലാതെ വിഷമിച്ചിരിക്കുകയാണെന്ന് അവരറിഞ്ഞില്ല.

അലമാര തുറന്നതും കയ്യിൽ കിട്ടിയ നോട്ടുകളെല്ലാം വാരിപ്പിടിച്ച് പോക്കറ്റിലാക്കുമ്പോൾ, ചാകാറായ ആ തള്ള വന്ന് കൊരവള്ളിക്കു പിടിച്ച് മുറുക്കി കിടന്നലറി. അയൽപ്പക്കത്തുള്ളവർ, കേട്ടവർ കേട്ടവർ ഓടി വന്ന് അവനെ കെട്ടിയിട്ട് നോക്കിയപ്പോൾ നിക്കറിന്റെ പോക്കറ്റു നിറയെ ആയിരത്തിന്റെ നോട്ടുകളാണ്. അലമാരിയിരിക്കുന്ന മുറിയിലെ ഇരുളിൽ അത് ആയിരമാണോ, അഞ്ഞൂറാണോ, ഒറ്റയാണോ ഇരട്ടയാണോയെന്നൊന്നും അവൻ നോക്കിയില്ല. കുഞ്ഞുപെങ്ങൾക്ക് സിൽക്കു കുപ്പായങ്ങളും വാങ്ങി, ഊഞ്ഞാലും കെട്ടാനുള്ള കയറും വാങ്ങി ഓണമാഘോഷിക്കണമെന്നു മാത്രമേ ചിന്തിച്ചുള്ളു. അതിലപ്പുറം ചിന്തിക്കേണ്ടതില്ലായിരുന്നു.

പറഞ്ഞ നിമിഷത്തിനുള്ളിൽ പോലീസുകാരും വണ്ടിയും വന്നു. കണ്ടിട്ടില്ലാത്ത പലയിടവും കണ്ടു. കേട്ടിട്ടില്ലാത്ത പലതും കേട്ടു. അറിയാൻ പാടില്ലാത്തതെല്ലാം അറിഞ്ഞു. ഇത്രയും കൊനഷ്ടുണ്ടാകുമെന്ന് സ്വപ്നത്തിൽ കരുതിയില്ല. നല്ലോരു പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണപുലരിയിലെ പൊൻപ്രഭയിൽ കേരളമണ്ണ് പുളകമണിഞ്ഞപ്പോൾ, ആ പതിനാലുകാരൻ ജെയിലിന്റെ അഴികൾക്കിടയിൽ കിടന്ന് വീപ്പുമുട്ടി. മാലോകരെകൊണാൻ മാവേലിമന്നൻ മലയാളക്കരയിൽ വന്നപ്പോൾ കണ്ണീരിന്റെ ഉപ്പുകലന്ന് ഭക്ഷണത്തിനു മുന്നിലവൻ നിന്നിമേഷനായി നിലകൊണ്ടു.